# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6807** **04.04.2018-ൽ മറുപടിയ്ക്ക്**

## <u>മത്സ്യമേഖലയിൽ പുതിയ നിയമ നിർമ്മാണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ. രാജൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | മത്സ്യലേലം, വിപണനം, ഗുണമേന്മാ പരിപാലനം എന്നീ മേഖലകളുമായി ബന്ധപ്പെട്ട നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) & ബി) | ഉണ്ട്.<br><br>മത്സ്യലേലം, വിപണനം, ഗുണനിലവാരം, പരിപാലനം എന്നിവയുടെ ക്രമീകരണവും നിയന്ത്രണവും ലക്ഷ്യമിട്ട് കേരള മത്സ്യലേല വിപണന ഗുണനിലവാര പരിപാലനം ബിൽ 2018-ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) | ശുചിത്വം ഉറപ്പാക്കി സുരക്ഷിതമായി ഭക്ഷിക്കാവുന്ന മത്സ്യം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യബന്ധനം, സംഭരണം, വിതരണം, വില്പന എന്നീ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് നിയമ നിർമ്മാണം നടത്തുമോ; | | |
| സി) | ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | സി) | മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യത്തിനു ന്യായവില ഉറപ്പു വരുത്തുന്നതിനും, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് മത്സ്യലേലം, വിപണനം, ഗുണ നിലവാരം എന്നിവ സംബന്ധമായി നിയമ നിർമ്മാണം നടത്താൻ ആലോചിക്കുന്നത്. ആദ്യ വിൽപനയ്ക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാനും മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം വഴി ലേലം നടത്തുന്നതിനും ലേലക്കാർക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. |
| ഡി) | മത്സ്യത്തിന്റെ മിനിമം വിപണന വില നിശ്ചയിക്കുന്നത് സർക്കാരായിരിക്കുമോയെന്ന് അറിയിക്കുമോ; | ഡി) | മത്സ്യത്തിന് മിനിമം വിൽപന വില നിശ്ചയിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

| | |
|---|---|
| ഇ) മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഐസ് പ്ലാൻറുകൾ, ശീതീകരണ സംഭരണികൾ, സംസ്കരണത്തിന് മുമ്പുള്ള സംഭരണകേന്ദ്രങ്ങൾ, സംസ്കരണ കേന്ദ്രങ്ങൾ, മത്സ്യം വഹിക്കുന്ന വാഹനങ്ങൾ എന്നിവക്കെല്ലാം ശുചിത്വമാനദണ്ഡങ്ങൾ നിർണ്ണയിച്ച് നൽകുമോ; വ്യക്തമാക്കുമോ? | ഇ) മത്സ്യലേലം, വിപണനം, സംഭരണം എന്നിവ നിയമം മൂലം നിയന്ത്രിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ നിലവിലുളള സംഭരണം, വിതരണം, മത്സ്യം വഹിക്കുന്ന വാഹനങ്ങൾ എന്നിവയുടെ ശുചിത്വ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**